കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മതിലകം ഗ്രാമപഞ്ചായത്ത്
# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(പി3)1315/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN : 680 020

തീയതി : 23-9-2017
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- മതിലകം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **മതിലകം** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-3, 3-7എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

**പകർപ്പ് :-**

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(പി3)1315/17 തിയ്യതി 23.09.2017

# തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.08.2017 മുതൽ<br>07.08.17 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.ശിവൻ.പി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിത. ടി. എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സിനിലാൽ. എം. ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജോയ്സൻ. സി. ജെ. | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | പ്രസിഡണ്ട് | ഇ.ജി.സുരേന്ദ്രൻ | 01.04.16 മുതൽ 31.03.17 വരെ |
| 2 | സെക്രട്ടറി | പി.വി.ഷാബു | 01.04.16 മുതൽ 31.03.17 വരെ |
| **നിർവ്വഹണ ഉദ്യോഗസസ്ഥർ** | | | |
| 1 | അസിസ്റ്റന്റ് സെക്രട്ടറി | കെ.എസ്.രാമദാസ് | 01.04.16 മുതൽ 21.12.16 വരെ |
| | | ഒഴിവ് | 22.12.16 മുതൽ 05.01.17 വരെ |
| | | എം.ബി.ഷീല | 06.01.17 മുതൽ 31.03.17 വരെ |
| 2 | കൃഷി ഓഫീസർ | ഫാജിത റഹ്മാൻ | 01.04.16 മുതൽ 31.03.17 വരെ |
| 3 | സീനിയർ വെറ്ററിനറി സർജൻ | ഫ്രാൻസിസ് ബാസ്റ്റ്യൻ.പി. | 01.04.16 മുതൽ 31.03.17 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) കുളിമുട്ടം | ഡോ. ഷാജി | 01.04.16 മുതൽ 31.03.17 വരെ |
| 5 | ഗവ. ആയുർവ്വേദ ഡിസ്പെൻസറി | ഡോ.സിന്ധു.എ.എൽ. | 01.04.16 മുതൽ 10.8.16 FN വരെ |
| | | ഡോ.സുമയ്യ. വി. കെ. | 10.08.16AN മുതൽ 31.03.17 വരെ |
| 6 | എെ.സി.ഡി.എസ് | ബിന്ദു. കെ. എ. | 01.04.16 മുതൽ 31.03.17 വരെ |
| 7 | വി.ഇ.ഒ | ജയൻ. ടി. ആർ. | 01.04.16 മുതൽ 22.11.16 FN വരെ |
| | | ലാലി. കെ. എസ്. | 22.11.16 AN മുതൽ 31.03.17 വരെ |
| | വി.ഇ.ഒ. കുളിമുട്ടം | ബിമൽ | 01.04.16 മുതൽ 31.03.17 വരെ |
| 9 | എച്ച്. എം. | നിമ്മി ജോസ് | 01.04.16 മുതൽ 31.03.17 വരെ |
| 10 | എൽ.എസ്.ജി.ഡി എഞ്ചിനീയർ | സി. എസ്. പ്രകാശൻ | 01.04.16 മുതൽ 13.07.16 FNവരെ |
| | | നിഷി. പി. ദേവദാസ് | 13.07.16 ANമുതൽ 15.02.17 വരെ |
| | | അനു. പി. | 15.02.17 മുതൽ 31.03.17 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ഒഴിവ് | 01.04.16 മുതൽ 03.07.16 വരെ |
| | | പ്രശാന്ത്. ഇ.എം. | 04.07.16 മുതൽ 31.03.17 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-1 |
| 13 | തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-2 |
| 14 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതു വരെയും ഈടാക്കിയിട്ടില്ല. | 2-4 |
| 16 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-5 |
| 17 | അനധികൃത നിർമാണം സംബന്ധിച്ച് | 2-6 |
| 18 | അംഗീകരിച്ച ബൈലോ ലഭ്യമല്ല | 2-7 |
| | ഭാഗം – 3 | |
| 19 | സർക്കാരിലേക്ക് തിരിച്ചടച്ച തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-1 |
| 20 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-രേഖകൾ ലഭ്യമാക്കാത്തത് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 21 | തണൽ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കണം | 3-3 |
| 22 | തണൽ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ- പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കണം. | 3-4 |
| 23 | അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ ലഭ്യമായിട്ടില്ല. തുടർ നടപടി സ്വീകരിക്കണം. | 3-5 |
| 24 | വയോജന ക്ഷേമം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കണം. | 3-6 |
| 25 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. | 3-7 |
| 26 | ഗാർഹിക മാലിന്യ സംസ്കരണം പദ്ധതി ലക്ഷ്യം നേടിയിട്ടില്ല. | 3-8 |

| | | |
|---|---|---|
| 27 | പി.എം.എ.വൈ. (ജനറൽ) ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. | 3-9 |
| 28 | ഭവന പുനരുദ്ധാരണം (ജനറൽ) രേഖകൾ ഹാജരാക്കിയില്ല. | 3-10 |
| 29 | ഗാർഹിക കുടിവെള്ള കണക്ഷൻ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണം | 3-11 |
| 30 | മരാമത്തുപണികളുടെ സ്ഥല പരിശോധന- അപാകതകൾ, മറ്റുവിവരങ്ങൾ | 3-12 |
| 31 | മീറ്ററിങ് സമ്പ്രദായ പ്രകാരം തെരുവ് വിളക്കുകരം അടവാക്കിയത്- പുന:പരിശോധിക്കണം | 3-13 |
| 32 | ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ - ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 3-14 |
| 33 | എസ്.സി.പി ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമല്ല | 3-15 |
| 34 | ക്ഷീര കർഷകർക്ക് ഇൻസന്റീവ് - സബ്സിഡി പരിധി കവിഞ്ഞ് ആനുകൂല്യം നൽകി - തുക തിരികെ ഈടാക്കേണ്ടതാണ്. | 3-16 |
| 35 | ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം | 3-17 |
| 36 | പാലിയേറ്റീവ് കെയർ - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. | 3-18 |
| 37 | പട്ടികജാതി വീടുകളിൽ വാട്ടർ കണക്ഷൻ പദ്ധതി പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-19 |
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ - മരുന്ന് വിതരണം ചെയ്തിട്ടില്ല. തുക കൈമാറിയതിന്റെ രേഖകളില്ല. | 3-20 |
| 39 | ആശ്രയ പദ്ധതി അവലോകനം | 3-21 |
| 40 | തൊഴിലുറപ്പുപദ്ധതി വിശകലനം | 3-22 |
| | **ഭാഗം – 4** | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീരിക്കാൻ അവശേഷിക്കുന്നത്. | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 48 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം -1

## പൊതു അവലോകനം

പൊതു അവലോകനം

## 1-1 ബജറ്റ് / റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച്

| | | |
|---|---|---|
| പാസ്സാക്കിയ തിയ്യതി | 14.03.2017 | |
| കമ്മിറ്റി തീരുമാനം | 28.03.2017 No:1 | |
| പ്രതീക്ഷിതവരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 13,32,29040 | 13,39,84,058 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 28-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1. സഞ്ചയപ്രകാരമുള്ള ഡി.സി.ബി കണക്കുകളും, സാംഖ്യപ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.നാളിതുവരെയുള്ള ആസ്തിബാദ്ധ്യതകൾ നിർണ്ണയിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016-17 ലെ ഓഡിറ്റ് സാക്ഷ്യപത്രം, വാർഷിക കണക്കിലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 11743888.74 |
| വരവ് | 49062233.00 |
| ആകെ | 60806121.74 |
| ചെലവ് | 43551316.00 |
| നീക്കിബാക്കി | 17254805.74 |

## 1-5 വിവിധ ഫണ്ടുകളുടെ വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 11040178 | 11040178 | 9500571 | 1539607 | 86.39 |
| എസ്.സി.പി. | | 5761317 | 5761317 | 5752063 | 9254 | 99.83 |
| ടി.എസ്.പി. | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ | | 6191805 | 6191805 | 2898474 | 3293331 | 46.84 |
| ലോക ബാങ്ക് സഹായം | | 3531339 | 3531339 | 2858625 | 672714 | 80.91 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 4803378 | 4803378 | 1780928 | 3022450 | 37.08 |
| നോൺറോഡ് | | 3008442 | 3008442 | 1905277 | 1103165 | 63 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 8964984 | 8964984 | 8964984 | - | 100 |
| എൻ.ആർ.ഇ.ജി.എസ് | 1000 | 20157525 | 20158525 | 20154613 | 3912 | 99.98 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 114 | 67398760 | 79 | 29624511 | 29 | 6 | 43.9 |

<u>ഉപേക്ഷിച്ച പ്രോജക്ടുകളുടെ പേര്</u>

- 110 - മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും
- 150 - സാംസ്കാരിക നിലയത്തിലേക്ക് ഫർണീച്ചർ - ward 7
- 152 - PHC റൂം വൈദ്യുതീകരണം
- 153 - കുളിമുട്ടം SC സാംസ്കാരിക നിലയം Electrification
- 771 - ആശ്രയ ഭവന പദ്ധതി
- 1421 - SC വൃദ്ധർക്ക് കട്ടിൽ

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ (+/-) |
|---|---|---|---|---|
| നികുതിവരവുകൾ | 4220109 | 7215071 | 2994962 | 70.96 |
| നികുതിയേതര വരവുകൾ | 771117 | 319994 | -451123 | -58.50 |
| മറ്റുവരവുകൾ | 8151869 | 9240240 | 1088371 | 13.35 |
| ആകെ | 13143095 | 16775305 | 3632210 | +27.64 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 61200 | 33 |
| കർഷക തൊഴിലാളി പെൻഷൻ | 2911000 | 301 |
| വിധവാ പെൻഷൻ | 14934490 | 1319 |
| വാർദ്ധക്യകാല പെൻഷൻ | 13102725 | 1352 |
| വികലാംഗ പെൻഷൻ | 2543700 | 259 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 643200 | 65 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6/7/17 തിയ്യതിയിൽ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6026/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളും രേഖകളും ശരിയായി സൂക്ഷിക്കുന്നുണ്ട്. സങ്കേതം ഒഴികെയുള്ള സോഫ്റ്റ് വെയറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. ഫയൽ ട്രാക്കിംഗ് സംവിധാനമായ ടച്ച് സ്ക്രീൻ ഫ്രണ്ട് ഓഫീസിൽ സ്ഥാപിക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21.07.2017 | April, May 2017 | 28.07.2017 |
| അക്കൗണ്ടന്റ് ജനറൽ | 18.11.2016 | 2011-12 to 2015-2016 | 06.01.2017 |

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 ഡി & ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

1) 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപേക്ഷയോടൊപ്പം വെയ്ക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

താഴെ ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| ലൈസൻസ് നം | ലൈസൻസിയുടെ പേര് | വൈദ്യുത ഉപകരണം | വാർഡ് നം. |
|---|---|---|---|

| | | | |
|---|---|---|---|
| A6/1014 | ശ്രീ.എ.ബി തങ്കപ്പൻ S/o ബാലൻ | 88 എച്ച്.പി | |
| A6/1075 | ശ്രീ.പത്മനാഭ രാജു. എസ്. | 35 എച്ച്.പി | 8/249 |
| A6/1331 | ശ്രീ.അബ്ദുൾ ഖാദർ | 10 എച്ച്.പി | 14/297 |
| A6/1392 | ശ്രീ.അബ്ദുൾ റഹ്മാൻകുട്ടി.പി.എസ് | 190.7എച്ച്.പി | 10/144 |

**2)** 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ചില പൗൾട്രി ഫാമുകൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ലൈസൻസ് നം. | ലൈസൻസിയുടെ പേര് |
|---|---|
| A6/1/1422 | നളിനി പി.കെ, പള്ളിത്തറ ഹൗസ് |

| പെർമിറ്റ് നം. | ലൈസൻസിയുടെ പേര് |
|---|---|
| A2-3953/16 | കുട്ടാല വാമദേവൻ ഭാര്യ ഗൗരി |

ഓഡിറ്റ് എൻക്വയറി 7 നൽകിയെങ്കിലും മറുപടി തൃപ്തികരമല്ല.

## 2-2 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നമ്പർ. 58725/ എഫ്.എം3/2008/ ത.സ്വ.ഭ.വ /26.5.11 അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ മതിലകം പഞ്ചായത്തിന്റെ തനത് ഫണ്ട് എസ്.ബി.ഐ, മതിലകം ബ്രാഞ്ച്, റ്റി.ഡി.സി ബാങ്ക്, മതിലകം ബ്രാഞ്ച് എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ മതിലകം ഗ്രാമ പഞ്ചായത്തിൽ 10 കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുത്തതായി കാണുന്നു. കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിററ് എൻക്വയറി-9 (തിയ്യതി 4.8.2017) നൽകി, ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതു വരെയും ഈടാക്കിയിട്ടില്ല

മതിലകം ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതു വരെയും ഈടാക്കിയിട്ടില്ല. ഓഡിററ് എൻക്വയറി 8 (തിയ്യതി 4.8.2017) നൽകിയ മറുപടിയിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക കാണുന്നു.

| മൊബൈൽ ടവർ | വാർഡ് നമ്പർ | കുടിശ്ശിക | വർഷം |
|---|---|---|---|
| എയർടെൽ | 10/232 | 57218/- | 2011 മുതൽ |
| | 10/285 | 18900/- | 2013 മുതൽ |

മതിലകം ഗ്രാമ പഞ്ചായത്തിൽ ആകെ 6 മൊബൈൽ ടവറുകളാണുള്ളതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ മതിലകം ഗ്രാമ പഞ്ചായത്തിലെ അനധികൃതമായി പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകളുടെ എണ്ണം

കൃത്യമായി തിട്ടപ്പെടുത്തി വസ്തുനികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മതിലകം ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ മൊബൈൽ ടവറിന് പെർമിറ്റ് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്നാണ് ഓഡിററ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. പുതിയ മൊബൈൽ ടവറിനുള്ള 4G സേവനദാതാക്കളുടെ പെർമിറ്റ് അപേക്ഷകളൊന്നും കാണാൻ സാധിച്ചില്ല. ആയതിനാൽ അനധികൃതമായി പണി പൂർത്തീകരിച്ച എല്ലാ മൊബൈൽ ടവറുകളും കണ്ടെത്തി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

മതിലകം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി കുടിശ്ശികയുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | വസ്തുനികുതി കുടിശ്ശിക | വർഷം |
|---|---|---|---|
| എം.എ.നാസർ | 7/653 | 1232584/- | 2014മുതൽ |
| എം.എ. നാസർ | 7/649 | 93896/- | 2014മുതൽ |
| എം.എ. നാസർ | 7/650 | 83895/- | 2014മുതൽ |
| എം.എ. നാസർ | 7/651 | 83895/- | 2014മുതൽ |
| എം.എ. നാസർ | 7/652 | 23512/- | 2014മുതൽ |

ആയതിനാൽ മതിലകം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളുടെയും വസ്തുനികുതി കുടിശ്ശിക കൃത്യമാക്കി, ആയത് ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 അനധികൃത നിർമ്മാണം - പരിശോധന നടത്തുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് നം.A4-4027/16 തിയ്യതി 6/6/16 പ്രകാരം ശ്രീ.അബ്ദുമജീദ്, പുന്നിലത്ത് (ഹൗസ്), കുളിമുട്ടം എന്നയാൾക്ക് 198.25m$^2$ വിസ്തീർണ്ണത്തിൽ നിർമ്മാണാനുമതിയാണ് നൽകിയിരിക്കുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ നിർമാണാനുമതി നൽകിയിരിക്കുന്നതിനെക്കാൾ വളരെ കൂടുതൽ നിർമാണം നടത്തിയിരിക്കുന്നു. ആയതിനാൽ അനധികൃത നിർമ്മാണം പൊളിച്ചു കളയുന്നതിനോ ക്രമവൽക്കരിക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 അംഗീകരിച്ച ബൈലോ ലഭ്യമല്ല

പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഓരോ വർഷവും ലേലം ചെയ്യുകയോ, വാടകക്കാരനുമായി കരാറിലേർപ്പെടുകയോ ചെയ്യുന്നില്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാരിലേക്ക് തിരിച്ചടച്ച തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക പ്രകാരം പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ടി.പി.എ.അക്കൗണ്ട് നം. 23 ൽ നീക്കിയിരുപ്പുണ്ടായിരുന്ന 514 രൂപയും, ടി.പി.എ.അക്കൗണ്ട് നം. 289 ൽ നീക്കിയിരുപ്പുള്ളതായി കാണുന്ന 264911 രൂപയിൽ പലിശ കഴിച്ച് ബാക്കി തുകയായ 1,90,563 രൂപ 8.12.11 ന് സർക്കുലർ നം. 12/2011/fin.തി. 10.2.11 ൽ

നിർദ്ദേശിച്ചതു പ്രകാരം 2075-00-911-99 അക്കൗണ്ട് ട്രഷറി ഹെഡിൽ തിരിച്ചടച്ചതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു കാണുന്നു. എന്നാൽ ടി തുക അടവാക്കിയതിന്റെ ചെലാൻ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ചെലാൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-രേഖകൾ ലഭ്യമാക്കാത്തത് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ പറയും പ്രകാരം രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | ചെലവ് തുക | ബിൽ നം. | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 85/17 | ഐ.കെ.എംന് വിഹിതം നൽകൽ | 96963 | 1560123/19.11.16 | വിനിയോഗ സാക്ഷ്യപത്രം, കരാർ എന്നിവ ലഭ്യമല്ല |
| 2 | 101/17 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 926825 | 1560149/14.2.17 | കൈപറ്റ് രസീതി, വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കരാർ എന്നിവ ലഭ്യമല്ല, നിലവിലെ സ്ഥിതി വ്യക്തമാക്കണം |
| 3 | ,, | ,, | 127180 | 1560185/15.3.17 | ,, |
| 4 | 120/17 | കളരിപറമ്പ്-അംഗൻവാടി റോഡ് ബ്ലോക്ക് വിഹിതം നൽകൽ | 329717 | 1560184/15.3.17 | കൈപറ്റ് രസീതി, വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കരാർ, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് എന്നിവ ലഭ്യമല്ല, നിലവിലെ സ്ഥിതി വ്യക്തമാക്കണം |
| 5 | 106/17 | എ.ബി.സി.ഓൺ വീൽസ് ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | 75000 | 1560186/15.3.17 | കൈപറ്റ് രസീതി, വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം,കരാർ, ബ്ലോക്ക്പഞ്ചായത്തിന്റെ പ്രോജക്ട് എന്നിവ ലഭ്യമല്ല, നിലവിലെ സ്ഥിതി വ്യക്തമാക്കണം |
| 6 | 112/17 | പുതിയകാവ്-മരപാലം റോഡ് ബ്ലോക്ക്പഞ്ചായത്തിന് വിഹിതം നൽകൽ | 500000 | 15601133/31.3.17 | കൈപറ്റ് രസീതി, വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കരാർ, ബ്ലോക്ക്പഞ്ചായത്തിന്റെ പ്രോജക്ട് എന്നിവ ലഭ്യമല്ല, നിലവിലെ സ്ഥിതി വ്യക്തമാക്കണം |
| 7 | 92/17 | തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ | 163792 | 1560164/6.3.17 | ഉപകരണങ്ങളുടെ വാറണ്ടി, കരാർ, കൈപറ്റ് രസീതി, സ്ഥിര നിക്ഷേപ/ സുരക്ഷിത നിക്ഷേപ വിവരം ടാബുലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല. |
| 8 | 102/17 | കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 510000 | 1560148/10.2.17 | കൈപറ്റ് രസീതി, വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കരാർ എന്നിവ ലഭ്യമല്ല, |

| | | | | | |
|---|---|---|---|---|---|
| | | | | | നിലവിലെ സ്ഥിതി വ്യക്തമാക്കണം |
| 9 | 50/17 | പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടർവൽക്കരണം | 245845 | 1560165/3.3.17 | വാറണ്ടി സംബന്ധിച്ച വിവരങ്ങൾ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. |

മേൽ സൂചിപ്പിച്ച അപാകതകളിൽ ക്രമനം.1 മുതൽ 8.വരെയുള്ള ചെലവുകളുടെ ആകെ തുക 27,29,477/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 തണൽ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കണം.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ അംഗൻവാടി നംപർ 71, 77 എന്നിവയോട് ചേർന്ന് പ്രവർത്തിക്കുന്ന തണൽ കേന്ദ്രങ്ങളിലേക്ക് 32'ടെലിവിഷൻ സെറ്റ്, 5 സ്റ്റീൽ മേശകൾ 20 കസേരകൾ, ഫാൻ, വാട്ടർപ്യൂരിഫയർ, 25 ചട്ടികൾ എന്നിവ വീതം 17.2.17 ലെ കമ്മിറ്റിയുടെ 12(4) നം. തീരുമാന പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ 71ാം നമ്പർ അംഗൻവാടിയോട് ചേർന്നുള്ള തണൽ കേന്ദ്രത്തിൽ ടെലിവിഷൻ സെറ്റ്, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കുകയും നാല് മേശകൾ 8 കസേരകൾ എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫാൻ സ്ഥാപിച്ചിട്ടില്ല. ലഭ്യമായ മുഴവൻ മേശകളും കസേരകളും ഇടുന്നതിനാവശ്യമായ സ്ഥല സൗകര്യം തണൽ കേന്ദ്രത്തിൽ ഇല്ല. അതേസമയം 77 ാം നമ്പർ അംഗൻവാടി കോംപൗണ്ടിലുള്ള തണൽ കേന്ദ്രത്തിലേക്ക് വാങ്ങിയ മുഴവൻ ഉപകരണങ്ങളും സ്ഥാപിക്കാതെ സമീപത്തുള്ള അംഗൻവാടിയിൽ സൂക്ഷിച്ചിട്ടുള്ളതായാണ് ഭൗതിക പരിശോധനാ സമയത്ത് കണ്ടത്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാറണ്ടി നിശ്ചിത കാലയളവിനു ശേഷം ലഭിക്കുകയില്ലായെന്നതിനാൽ ഉപകരണങ്ങൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി തണൽ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

## 3-4 തണൽ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ-പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കണം.

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം കൂടി ഉൾപ്പെടുത്തിയ പ്രോജക്ട് s0123/17 പ്രകാരം തണൽ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 1,96,400 രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വാങ്ങൽ നടത്തുന്നതിന് ബാധകമായ 8.11.2010 സ.ഉ.(പി) 259/10 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1,00,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു പകരമായി ഓരോ ഇനങ്ങൾക്കും പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 66,600 /- രൂപയിൽ 20,200 രൂപ ബാക്കിയുണ്ട്. ആയത് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ ലഭ്യമായിട്ടില്ല. തുടർ നടപടി സ്വീകരിക്കണം.

So 124/17 പദ്ധതി പ്രകാരം 20 അംഗൻവാടികൾക്ക് വുഡൻ ഡക്ക് വാങ്ങി നൽകുന്നതിന് ഇൻവോയ്സ് പ്രകാരം വകയിരുത്തിയ 29,387 രൂപ ഉൾപെടുത്തി ബിൽ നം. 68001107/31.3.17 പ്രകാരം തുക പിൻവലിച്ച് ഐ.സി.ഡി.എസിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കളിയുപകരണങ്ങൾക്ക് കുറഞ്ഞ നിരക്ക് രേഖപെടുത്തിയ വീകോ ട്രേഡേഴ്സ്, അരിമ്പൂർ എന്ന സ്ഥാപനം അംഗൻവാടികളിൽ കളിയുപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ തുക നൽ്ികിയിട്ടില്ല. കളിയുപകരണങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്ഥാപനത്തിന് നിർദ്ദേശം നൽകേണ്ടതും അല്ലാത്തപക്ഷം തുക സഞ്ചിത നിധിയിൽ തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 വയോജന ക്ഷേമം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പാക്കണം.

ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടപ്പാക്കിയ So 26/17 വയോജന ക്ഷേമപദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വയോജനസംഗമം, വയോജന ദിനാചരണം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചതിന് 83,650 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. (പ്ലാൻ 71650 +തനത് ഫണ്ട് 12,000 = 83,650)

| ബിൽ നം./ചെക്ക് നം./തിയ്യതി | തുക |
|---|---|
| 6800174/16.3.17 | 24,650 |
| 6800124/21.12.16 | 47,000 |
| 903217/18.11.16<br>(തനതുഫണ്ട്) | 12,000 |
| ആകെ | 83,650 |

11.1.16ലെ സ.ഉ.(എം.എസ്) 4/16 ത.സ്വ.ഭ.വ ഉത്തരവ് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വയോജന ദിനാചരണത്തിനായി പ്ലാൻ ഫണ്ടിനത്തിൽ ചെലവഴിച്ച 71,650 രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക വിധേയമായി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 29 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ആറ് അംഗൻവാടികൾ (67, 70, 72, 143, 146, 148) വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 68, 146, 72 എന്നീ അംഗൻവാടികൾ പ്രവർത്തിക്കുന്ന പ്രദേശത്തിന് സമീപത്തു തന്നെ പുറമ്പോക്ക് ഭൂമി ഉള്ളതായും ഭൂമി അനുവദിച്ചു കിട്ടുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. 16.1.14ലെ ഗവ.സർക്കുലർ നം. 62671/യു/3/02/റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ആവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അംഗൻവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്. 3.9.10ലെ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അംഗനവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക പ്രകാരം കേന്ദ്രഫണ്ടിനത്തിൽ മുൻവർഷത്തിൻ 19,85,523 രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. ഇതിൽ 2017-18 വർഷത്തെ പൂരകപോഷകാഹാര പരിപാടിക്കായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുക ഭൂമി കണ്ടെത്തുന്ന ആവശ്യത്തിലേക്കായി വിനിയോഗിക്കാവുന്നതാണ്.

പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികൾക്കും ചുറ്റമതിൽ നിർമിക്കുക, രണ്ടാമത്തെ ഗ്യാസ് സിലിണ്ടർ നൽകുക, കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക, അംഗൻവാടികളിൽ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപെടുത്തുക, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ സ്ഥാപിക്കുക, ഭക്ഷ്യ വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനാവശ്യമായ പാത്രങ്ങൾ ലഭ്യമാക്കുക, അംഗൻവാടികളിൽ രജിസ്റ്ററുകളും രേഖകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ആവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുക എന്നിവ നിലവിൽ പരിഹരിക്കേണ്ട ആവശ്യങ്ങളാണ്. ഇതൊടൊപ്പംതന്നെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ രേഖകൾ സൂക്ഷിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു ഓഫീസ് സംവിധാനം ഉണ്ടാകേണ്ടതുമുണ്ട്. ആയതിനാൽ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ഗാർഹിക മാലിന്യ സംസ്കരണം പദ്ധതി ലക്ഷ്യം നേടിയിട്ടില്ല.

വി.ഇ.ഒ കുളിമുട്ടം നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ So 135/17ഗാർഹിക മാലിന്യ സംസ്കരണ പദ്ധതി പ്രകാരം 1000 ഗുണഭോക്താക്കൾക്ക് കിച്ചൻ ബിൻ നൽകുന്നതിനായി 410 രൂപ നിരക്കിൽ 4,10,000/- വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 17.2.17ലെ 4-ാം നമ്പർ തീരുമാന പ്രകാരം പദ്ധതി നടത്തിപ്പിനായി ഐ.ആർ.ടി.സി. മുണ്ടൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും കരാറിലേർപെടുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ പ്രോജക്റ്റിൽ പ്ലാൻ ഫണ്ടായി വകയിരുത്തിയ 3,69,000/-രൂപ ട്രഷറി ബിൽ നം. 6001129/31.3.17 പ്രകാരം പിൻവലിച്ച് നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി. മുണ്ടൂർ എന്ന സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫറായി തുക നൽകിയിട്ടുണ്ട്. പദ്ധതിയുടെ 10% തുക ഗുണഭോക്തൃ വിഹിതം കണക്കാക്കിയതിൽ 500 ഗുണഭോക്താക്കളുടെ വിഹിതം (500 x41=20500 രൂപ) വി.ഇ.ഒ. പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടത്തുന്നതിനാവശ്യമായ കിച്ചൻ ബിന്നുകൾ ഒന്നും തന്നെ വിതരണം ചെയ്തിട്ടില്ല.

ഇതേ രീതിയിൽ S080/17 പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾക്ക് 2.5kg/day കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ട്രഷറി ബിൽ നം.6001131/31.3.17 പ്രകാരം 6,00,000/- രൂപയും പിൻവലിച്ച് മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളിൽ 78 പേർ ഗുണഭോക്തൃവിഹിതം 3000 രൂപ നിരക്കിൽ അടവാക്കിയിട്ടുണ്ടെങ്കിലും 56 എണ്ണം മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. എന്നാൽ നാളിതുവരെ ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല.

മേൽ രണ്ടു പദ്ധതികൾക്കുമായി 17.3.17 ന് ഏർപെട്ട കരാർ പ്രകാരം പദ്ധതിയുടെ 20% തുക അഡ്വാൻസായി നൽകുന്നതിനും ആയതിന്റെ 90% തുക ചെലവഴിക്കുന്ന മുറക്ക് അടുത്ത ഗഡു അനുവദിക്കുന്നതിനും ഒന്നാം ഗഡു കൈപ്പറ്റി രണ്ടു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിനായി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ സ്ഥാപനത്തിനെതിരെ സ്വീകരിക്കാവുന്ന ശിക്ഷാനടപടികളെ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഇല്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ആവശ്യമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. കിച്ചൻ ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും എത്രയും വേഗം ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈയിനത്തിൽ ആകെ ചെലവഴിച്ച 9,69,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പി.എം.എ.വൈ. (ജനറൽ) ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

വി.ഇ.ഒ. കുളിമുട്ടം നടപ്പാക്കിയ So.47/17പ്രകാരം 12 ഗുണഭോക്താക്കൾക്ക് 20,000/-രൂപ നിരക്കിൽ 2,40,000/- ബിൽ നം. 357199/29.12.16 പ്രകാരം പിൻവലിച്ച് മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. 4.8.17ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ 1,40,000 രൂപ വിനിയോഗിച്ചതായും 1,00,000/- രൂപ അക്കൗണ്ടിൽ ബാക്കിയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഭവന പുനരുദ്ധാരണം (ജനറൽ) രേഖകൾ ഹാജരാക്കിയില്ല.

വി.ഇ.ഒ, കുളിമുട്ടം നടപ്പാക്കിയ So 48/17പദ്ധതി പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 7,62,500/- രൂപ പിൻവലിച്ച് വിതരണം ചെയ്തതായി കാഷ് ബുക്കിൽ രേഖപെടുത്തിയിട്ടുണ്ട്. എന്നാൽ

ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, ഫയൽ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ചെക്ക് നം/തിയ്യതി | തുക |
|---|---|
| 600188/20.3.16 | 1,50,000 |
| 600195/30.3.17 | 1,00,000 |
| 6001111/30.3.17 | 1,25,000 |
| 6001125/31.3.17 | 3,80,000 |
| 3865/31.3.17 | 7,500 |
| **ആകെ** | **7,62,500** |

ചെലവു രേഖകളുടെ അഭാവത്തിൽ തുക 7,62,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഗാർഹിക കുടിവെള്ള കണക്ഷൻ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണം

വി.ഇ.ഒ., കുളിമുട്ടം നടപ്പാക്കിയ s0133/17 പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾക്ക് (ജനറൽ) കുടിവെള്ള കണക്ഷൻ നൽകുന്നതിന് 4,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബിൽ നം. 8/16-17/31.3.17 പ്രകാരം 16,000/-രൂപ പിൻവലിച്ച് 4 ഗുണഭോക്താക്കൾക്ക് മാത്രമേ തുക നൽകിയിട്ടുള്ളൂ. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ആനുകൂല്യം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 മരാമത്തുപണികളുടെ സ്ഥലപരിശോധന-അപാകതകൾ, മറ്റുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിലെ ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിലെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

**1) <u>പുന്നക്കുരു ബസാർ നെട്ടുംപറമ്പ് ബാക്കി ഭാഗം റീടാറിങ്-ആരംഭത്തിലേ തകരാർ</u>**

പ്രൊജക്റ്റ് നം.-129/17

അടങ്കൽ – 400000,

CFC – 70000, MGR (ആകെ 470000)

കരാറുകാരൻ – ടി.നന്ദകുമാർ, പെഴോലിൽ ഹൗസ്, പനങ്ങാട്

കരാർ -18/AE/LSGD/MKM/16-17/15/2/17

അളവുപുസ്തകം-29/16-17, 25/16-17

| ബിൽ നം. | തുക |
|---|---|
| 2/17-18/10/6/17 | 400000 |
| 3/17-18/10/6/17 | 62989 |

5/5/17 നാണ് ഈ പ്രവൃത്തി പൂർത്തീകരിച്ചത്. റീടാറിങ് ആരംഭിച്ച ഭാഗത്ത് തന്നെ റോഡ് പൊട്ടിപ്പൊളിഞ്ഞ് റോഡിൽ വെള്ളം കെട്ടിക്കിടന്നിരുന്നു. റീടാറിങ് ഇളകിപ്പോയി മുമ്പ് ടാർ ചെയ്ത റോഡിന്റെ ഭാഗം കാണുകയും ചെയ്തിരുന്നു. കരാറുകാരനുമായി ചമച്ച കരാറിലെ 13-ാം നമ്പർ നിബന്ധനയനുസരിച്ച് ഏതെങ്കിലും ഇനം പ്രവൃത്തി തൃപ്തികരമല്ലെന്ന് കണ്ടാൽ യുക്തമായ കുറവ് ചെയ്യാൻ ഗ്രാമപഞ്ചായത്തിന് അധികാരമുള്ളതും നിബന്ധന 14 അനുസരിച്ച് ഗുണനിലവാരമില്ല എന്ന് കാണുന്നപക്ഷം ആയതിന് കരാറുകാരൻ ബാദ്ധ്യസ്ഥനുമാണ്. ആയതിനാൽ പ്രവൃത്തിയിലെ അപാകത കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതുവരെ കരാറുകാരന്റെ സുരക്ഷിത നിക്ഷേപം തടയേണ്ടതും അപാകത പരിഹരിക്കാത്തപക്ഷം ടിയാനെ കരിമ്പട്ടികയിൽ ഉൾപെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 2) <u>പുതിയകാവ് ഈസ്റ്റ് മസ്ജിദ് റോഡ് റീടാറിങ്</u>

പ്രൊജക്റ്റ് നം.3/17, അടങ്കൽ - 952000 MGR

കരാറുകാരൻ – പി.എ.മുഹമ്മദ് റാഫി, പുന്നിലത്ത്, കുളിമുട്ടം

കരാർ – 21/AE/LSGD/MKM/16-17/20.2.17

അളവുപുസ്തകം – 19/16-17

ബിൽ നം. – 19/31/3/17-9 51,211 രൂപ

ഈ റോഡിന്റെ ഒരു വളവു ഭാഗത്ത് റീടാറിങ് ചെയ്ത ഭാഗം പൊട്ടിപ്പൊളിഞ്ഞിട്ടുണ്ട്. ഈ അപാകത പരിഹരിച്ചില്ലെങ്കിൽ റോഡിന് കൂടുതൽ കേടുപാടുകൾ വരുന്നതാണ്. കരാറുകാരനെക്കൊണ്ട് ഇത് കുറ്റമറ്റ രീതിയിൽ പരിഹരിക്കേണ്ടതാണ്. അളവുപുസ്തകം പ്രകാരം 1178.20 മീറ്റർ നീളത്തിൽ റീടാറിങ് നടത്തിയിട്ടുണ്ട്. പക്ഷെ ആസ്തി രജിസ്റ്റർ പ്രകാരം റോഡിന് 886 മീറ്റർ മാത്രമാണ് നീളമുള്ളത്. തകരാർ, നീളം എന്നിവ സംബന്ധിച്ച അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതുവരെ ടിയാനുള്ള സുരക്ഷിത നിക്ഷേപം തടഞ്ഞുവെക്കേണ്ടതാണ്. ആയതിനാൽ ആസ്തി രജിസ്റ്ററിലുള്ളതിനേക്കാളും കൂടുതൽ അളവിൽ ചെയ്ത 292.20 ചതുരശ്ര മീറ്ററിന് ചെലവായ തുക 2,35,905/- രൂപ (292.20x 807.34/ച.മീ.) രൂപ തടസ്സപ്പെടുത്തുന്നു. (951211/1178.20 ച.മീ. = 807.34 ച.മീ.)

### 3) <u>വാട്ടർ ടാങ്ക് കുളിമുട്ടം ബാക്കി ഭാഗം റീടാറിങ്</u>

പ്രൊജക്റ്റ് നം.17/17

അടങ്കൽ-269000-CFC

168000 തനതുഫണ്ട് (ആകെ-437000)

കരാറുകാരൻ-പി.കെ.രവീന്ദ്രൻ പോണത്ത് ഹൗസ്, അഴീക്കോട്

കരാർ-12/AE/LSGD/MKM/16-17/30/1/17

അളവുപുസ്തകം തയ്യാറാക്കിയിട്ടില്ല.

പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വെറ്റ് മിക്സ് എന്ന ഇനം ചെയ്തിട്ടുണ്ട്. പ്രവൃത്തി ചെയ്ത ചില ഭാഗങ്ങളിൽ ചെറിയ കുഴികൾ രൂപപ്പെടുകയും ചിലയിടങ്ങളിൽ നേരിയ തോതിൽ വെള്ളം കെട്ടിനിൽക്കുകയും ചെയ്തിരുന്നു. കരാറുകാരൻ ട്രഷറി സേവിങ്സ് സർട്ടിഫിക്കറ്റ് കരാറിനൊപ്പം സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും കുറ്റമറ്റ രീതിയിൽ പ്രവൃത്തി ചെയ്തു എന്ന് ഉറപ്പാക്കിയ ശേഷം മാത്രം കരാറുകാരന് തുക അനുവദിക്കേണ്ടതുമാണ്.

### 4) <u>എസ്.സി.കമ്മ്യൂണിറ്റി ഹാൾ -വൈദ്യുതീകരണം നടത്തേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്തിലെ കുളിമുട്ടം എന്ന സ്ഥലത്ത് എസ്.സി.പി.ഫണ്ട് ഉപയോഗിച്ച് 23,59,025 രൂപ ചെലവിട്ട് പട്ടികജാതി കോളനി നിവാസികൾക്കായി ഒരു കമ്മ്യൂണിറ്റി ഹാൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ അതിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നടത്തിയിട്ടില്ല. കെട്ടിടനിർമാണ പദ്ധതി ആവിഷ്കരിച്ചപ്പോൾ വൈദ്യുതീകരണത്തിനു തുക വകയിരുത്തിയിരുന്നില്ല (2015-16ലെ ഓഡിറ്റ് റിപ്പോർട്ട്). ഒരു കെട്ടിട നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ആകെട്ടിടം ഉപയോഗിക്കുവാൻ ആവശ്യമായ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നാണ്. എന്നാൽ ഹാളിന്റെ വൈദ്യുതീകരണത്തിന് ഇതുവരെ പ്രൊജക്റ്റ് വെച്ചിട്ടില്ല. ആയതിനാൽ ഇതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് ഉപയോഗയോഗ്യമാക്കേണ്ടതുമാണ്. ഹാളിന്റെ

വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് ആസ്തിക്ക് ഉതകും വിധം പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്രയേറെ തുക ചെലവുചെയ്തിട്ടും നാളിതുവരെ ഈ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആയത് എത്രയും വേഗം ചെയ്യേണ്ടതാണ്.

## 5. കോച്ചാലി രാമനെഴുത്ത് ടെമ്പിൾലിങ്ക് റോഡ് ഫോർമേഷൻ-അപാകതകൾ

പ്രൊജക്റ്റ് നം.-71/16,56/17

അടങ്കൽ-600000 വികസനഫണ്ട്

200000 തനത് ഫണ്ട്

കരാറുകാരൻ -ഇ.ജി.സിജിൽകുമാർ

കരാർ-30/AE/LSGD/MKMN/16-17/3/10/15

അളവുപുസ്തകം 34/15-16

ബിൽ നം.-1/26/10/16-450778

166 മീറ്റർ റോഡ് സോളിങ് ചെയ്ത് റോഡിന് കുറുകെയുള്ള കൾവെർട്ട് നിർമിക്കുക എന്നിവയാണ് പദ്ധതിയിൽ ഉൾക്കൊണ്ടിട്ടുള്ള പ്രവൃത്തികൾ. എട്ട് ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തി 530330 രൂപയുടെ പ്രവൃത്തി മൂല്യത്തിൽ ഫൈനൽ ബിൽ പ്രകാരം കുറവ് നിരക്കായ 15% കുറവുവരുത്തി കരാറുകാരന് തുക അനുവദിച്ചു. പ്രവൃത്തി ഫയൽ 4/5/17 ന് തൃശ്ശൂർ വിജിലൻസ് കാര്യാലയത്തിൽ ഹാജരാക്കുന്നതിനായി കൊണ്ട് പോയതിനാൽ ഏതെല്ലാം പ്രവൃത്തികൾ കരാറുകാരൻ ബാക്കിവെച്ചിട്ടുണ്ട് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഫയൽ കൈമാറിയതിന്റെ രശീതി ഹാജരാക്കേണ്ടതാണ്.

കരാർ പ്രകാരം 2/4/16 ന് മുമ്പേ കരാറുകാരൻ പണി പൂർത്തീകരിക്കേണ്ടതാണ്. 1/4/16 ന് ശക്തമായ മഴ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നും 30/9/16 വരെ സമയം നീട്ടി നൽകണമെന്നും അപേക്ഷിച്ചത് പ്രകാരമുള്ള അനുബന്ധകരാറിൽ നിർവ്വഹണ ഉദ്യോഗസ്ഥ ഒപ്പ് വെച്ചിട്ടില്ല. 3/10/15 ൽ കരാർ വച്ച പ്രവൃത്തിയുടെ അളവ് ആദ്യമായി എടുത്തത് 3/3/16 ലാണ് എന്നത് തന്നെ കരാറുകാരൻ യഥാസമയം പ്രവൃത്തി തുടങ്ങിയില്ല എന്ന് തെളിയിക്കുന്നതാണ്. കരാറിലെ 6-ാം നിബന്ധനയനുസരിച്ച് കരാർ ചമച്ച് പത്ത് ദിവസത്തിനുള്ളിൽ കരാറുകാരൻ സ്ഥലം ഏറ്റുവാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി തുടങ്ങുമെന്നുമാണ്. കരാർ വെച്ച ദിവസം തന്നെ കരാറുകാരൻ സൈറ്റ് ഏറ്റുവാങ്ങിയിട്ടുണ്ട്. 29/6/16നാണ് അളവുപുസ്തക പ്രകാരം പണി പൂർത്തീകരിച്ചിരിക്കുന്നത്. യഥാസമയം പ്രവൃത്തി പൂർത്തിയാകാത്ത കരാറുകാരനിൽ നിന്നും കരാറിൽ വ്യവസ്ഥ ചെയ്തു പ്രകാരം 1% നിരക്കിൽ പിഴ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 6. പഞ്ചായത്ത് ഓഫീസ് കെട്ടിടം പുനരുദ്ധാരണം -പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഫ്ളോറിങ് പ്രവൃത്തി

പ്രൊജക്റ്റ് നം.52/17,
അടങ്കൽ-1458328, CFC

കരാറുകാരൻ-ടി.എം.പ്രകാശൻ, തെക്കൂട്ട് ഹൗസ്, കൊടുങ്ങല്ലൂർ

ബിൽ നം.18/31/3/17-3,18,051 രൂപ

അളവുപുസ്തകം -16/16-17

പഞ്ചായത്ത് ഭരണസമിതിയുടെ 17/17.5.17 നം. തീരുമാന പ്രകാരം എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതെ റിവൈസ് ചെയ്യുവാനുള്ള അസിസ്റ്റന്റ് എൻജിനീയറുടെ അപേക്ഷ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ റിവൈസ് ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കുകയോ കരാറുകാരനുമായി അനുബന്ധകരാർ ചമക്കുകയോ ചെയ്യാതെ ആദ്യ എസ്റ്റിമേറ്റിലില്ലാത്ത ഗ്രൗണ്ട് ഫ്ളോറിലെ ഫ്ളോറിങ് പ്രവൃത്തി ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറുടെ അപേക്ഷയോ പുതിയ പ്രവൃത്തിയുടെ വിവരമോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആദ്യ എസ്റ്റിമേറ്റ് അനുസരിച്ച് 1.275$m^2$ മരപ്പണിയാണ്. പക്ഷെ 0.65$m^2$ മാത്രം മരപ്പണി ചെയ്തിട്ടാണ് ആദ്യ എസ്റ്റിമേറ്റിലില്ലാത്ത ഫ്ളോറിങ് പ്രവൃത്തി

ചെയ്തിട്ടുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, സാങ്കേതികാനുമതി വാങ്ങാതെയും അനുബന്ധ കരാർ ചമയ്ക്കാതെയുമുള്ള ടെണ്ടറിങ് പ്രവൃത്തി ആധികാരികമല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 മീറ്ററിങ് സമ്പ്രദായ പ്രകാരം തെരുവ് വിളക്കുകരം അടവാക്കിയത് - പുനപ്പരിശോധിക്കണം

ഗ്രാമപഞ്ചായത്തിൽ 11/16 മുതൽ മീറ്ററിങ് സമ്പ്രദായ പ്രകാരമാണ് വഴി വിളക്കുകൾക്ക് വൈദ്യതി കരം അടവാക്കുന്നത്. ഇതനുസരിച്ച് കരം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നുള്ളത് ശ്ലാഘനീയമായ കാര്യമാണ്. മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു മുമ്പ് 84,341 രൂപയാണ് കരം അടച്ചുവന്നിരുന്നത്. കെ.എസ്.ഇ.ബിയുടെ മതിലകം സെക്ഷനിൽ നവംബർ മാസം മീറ്ററിങ് സമ്പ്രദായ പ്രകാരം അടവാക്കിയത് 62,443 രൂപയെങ്കിൽ ഡിസംബർ മാസം അടച്ചത് 33,471 രൂപയാണ്. തുടർന്ന് കുറഞ്ഞ നിരക്കിലുള്ള കരമാണ് അടക്കുന്നത്. 11/2016 ലെ ഡിമാന്റ് നോട്ടീസിൽ മുൻ റീഡിങ് രേഖപ്പെടുത്താതെ നിലവിലെ റീഡിങ് കാണിച്ച് അതിലും കൂടിയ വൈദ്യുതി ഉപയോഗമാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ കെ.എസ്.ഇ.ബിയുടെ മതിലകം സെക്ഷനുമായി എത്രയും വേഗം ബന്ധപ്പെട്ട് തെരുവുവിളക്ക് കരം മീറ്ററിങ് സമ്പ്രദായം വന്ന ശേഷമുണ്ടായ അപാകത എന്താണെന്ന് കണ്ടെത്തേണ്ടതും വൈദ്യുതി കരം കൂടുതൽ അടയ്ക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയത് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-14 ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ - ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പദ്ധതി നമ്പർ 46/17

"ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ "

അടങ്കൽ തുക : 7,00,000

ചെലവ് : 7,00,000

28.10.2010 ലെ 13160 / ഡി എ – 1 /2010/ തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് ഔഷധിയിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മരുന്നു വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിലാണ് മുൻകൂർ തുക നൽകുന്നത്. ഇതു സംബന്ധിച്ച് കരാർ ചമയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മരുന്നു നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണം. മേൽ പ്രൊജക്ടിൽ സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ആയതിന്റെ വിശദാംശം താഴെ പറയുന്നു.

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പിലാക്കിയ മേൽപറഞ്ഞ പദ്ധതി പ്രകാരം ആയുർവേദ മരുന്നുകൾ വാങ്ങുന്നതിന് ഔഷധിക്ക് 700000 രൂപ മുൻകൂർ നൽകി. (ട്രഷറി ബിൽ നം. 1/16–17 തുക – 5,00,000 തിയ്യതി 27/10/16 ട്രഷറി ബിൽ നം 02/16–17, തുക 2,00,000/- തിയ്യതി 25.02.17)

(i) മുൻകൂർ തുക കൈമാറി 60 ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം നടത്തിയിട്ടില്ല. ഓഡിറ്റ് തിയ്യതിയിലും 70,089/- (7,00,000 - 6,29,911) രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | ഔഷധി മുൻകൂർ തുക കൈപ്പറ്റിയതിന്റെ വിവരം രസീതി നം / തുക | | മരുന്നുകൾ ലഭ്യമായ തിയതി | തുക |
|---|---|---|---|---|
| | | | | 342631 |
| | | | 10.11.16 | 112478 |
| 1 | 430/1821/ 29.10.16 | 5,00,000രൂപ | 18.12.16 | 33917 |
| 2 | 888/3655/ 11.03.17 | 2,00,000 രൂപ | 07.01.17 | 10974 |
| | | | 15.02.17 | 79223 |
| | | | | 50688 |
| | | 700000 രൂപ | ആകെ | 629911 |

(ii) ഔഷധിയുമായി നിയമസാധുതയുള്ള കരാർ ചമച്ചിട്ടില്ല. മുദ്രപ്പത്രത്തിനു പകരം സാധാരണ കടലാസിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി 11.03.17 തീയതി വച്ച് കമ്പനി മാനേജർ ഒപ്പുവച്ചിരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും മരുന്നുകൾ പൂർണമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 എസ്.സി.പി ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമല്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി.പി പദ്ധതികളിൽ കാര്യക്ഷമമായി ധനവിനിയോഗം നടക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ / പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | 75/17 ഭവന നിർമാണം | 10,50,000 | 4,50,000 | 42.86% |
| 2 | 76/17 ഭവന നിർമാണം | 4,40,000 | 1,00,000 | 22.73% |
| 3 | 83/17 പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 6,25,000 | 0 | 0 |
| 4 | 84/17 കുടിവെള്ള ഗാർഹിക കണക്ഷൻ വലിക്കൽ | 1,50,000 | 0 | 0 |
| 5 | 107/17 പാരമ്പര്യ കലാപോഷണം | 3,50,000 | 0 | 0 |
| 6 | 142/17 വൃദ്ധർക്ക് കട്ടിൽ | 1,15,500 | 0 | 0 |

ഭവന നിർമാണ പദ്ധതികൾ സ്പിൽ ഓവർ ആയിട്ടും 50% ൽ കുറവ് തുകയാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ക്രമനമ്പർ 3 മുതൽ 6 വരെയുള്ള പദ്ധതികൾ തൻവർഷം നടപ്പാക്കിയില്ല. എസ്.സി.പി ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 3-16 ക്ഷീര കർഷകർക്ക് ഇൻസന്റീവ് - സബ്സിഡി പരിധി കവിഞ്ഞ് ആനുകൂല്യം നൽകി - തുക തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ 147/17

ക്ഷീരകർഷകർക്ക് ഇൻസെന്റീവ്

അടങ്കൽ തുക : 200000 + 150000 (ബ്ലോക്ക് വിഹിതം )

ചെലവ് : 191057 + 150000
ആകെ - 341057 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

പഞ്ചായത്ത് പരിധിയിലുള്ള മതിലകം, കുളിമുട്ടം പാൽ സൊസൈറ്റികളിലെ അംഗങ്ങളാണ് മേൽ പ്രൊജക്ടിലെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഒരേ റേഷൻ കാർഡുള്ള കുടുംബത്തിലെ രണ്ടുപേർ രണ്ടു പാൽ സൊസൈറ്റികളിൽ നിന്നും ആനുകൂല്യത്തിന് അർഹത നേടിയതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സൊസൈറ്റി സബ്സിഡി തുക |
|---|---|
| ടി.എ. ദിവാകരൻ തായവള്ളിയിൽ ഹൗസ്, മതിലകം (പി. ഒ.), കുളിമുട്ടം | 20,000 |
| | |

| | |
|---|---|
| ജയശ്രീ ദിവാകരൻ<br><br>തായവള്ളിയിൽ ഹൗസ് കുളിമുട്ടം<br><br>(പി. ഒ.) കുളിമുട്ടം | 19,992 |
| **ആകെ** | **39,992** |

12 -ാം പദ്ധതി മാർഗ്ഗരേഖ/സബ്സിഡി മാർഗ്ഗരേഖ ഭേദഗതി ജി.ഒ.(ആർ.ടി) 397 /2017/ തസ്വഭവ. 13.02.2017 ലെ ഉത്തരവു പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4 രൂപയും അനുപ്രകാരം ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക 20,000 രൂപയിൽ കവിയുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് ഡയറി ഫാം ഇൻസ്പെക്ടറുടെ ചുമതലയാണ്. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് അധികമായി 19,992 രൂപ (39992 – 20000) സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധമാണ്. അധികം നൽകിയ തുക 19,992 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 12 തിയ്യതി 07.08.17 )

## 3-17 ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം

ക്ഷേമപെൻഷനുകൾ അപേക്ഷ ലഭിച്ച് 45-60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. കൂടാതെ ജി.ഒ.(എം.എസ്) 602/13 സാമൂഹ്യനീതി വകുപ്പ് ഉത്തരവ് പ്രാകാരം അപേക്ഷാതിയ്യതിയിൽ പെൻഷന് അർഹതയുണ്ടെങ്കിൽ അന്നു മുതൽ പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കാവുന്നതുമാണ്. 2016-17 കാലയളവിൽ പഞ്ചായത്തിൽ കൈകാര്യം ചെയ്ത സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| പെൻഷൻ (2016 -17) | ആകെ അപേക്ഷകൾ | അംഗീകരിച്ചത് | നിരസിച്ചത് |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 543 | 522 | 21 |
| വിധവാ പെൻഷൻ | 32 | 30 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 16 | 10 | 6 |
| വികലാംഗ പെൻഷൻ | 33 | 31 | 2 |
| അവിവാഹിത പെൻഷൻ | 8 | 6 | 2 |

മേൽപ്പറഞ്ഞ പെൻഷനുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടു. അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കാലതാമസമാണ് നേരിടുന്നതെന്ന് ക്ഷേമപെൻഷൻ വിഭാഗം ഉദ്യോഗസ്ഥൻ അറിയിച്ചു. കാലതാമസം നേരിട്ടതിന് ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്ഷേമ പെൻഷൻ | പേരും മേൽവിലാസവും | അപേക്ഷ ലഭിച്ച തിയതി | സ്റ്റാന്റിംങ് കമ്മിറ്റി തീരുമാനം/ തിയ്യതി | പെൻഷൻ അനുവദിച്ച തിയതി |
|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | വിലാസിനി<br><br>നെല്ലിപ്പറമ്പിൽ<br><br>കുളിമുട്ടം | 29.07.16 | 27.01.17 | 01.02.17 |
| അവിവാഹിത പെൻഷൻ | കോമള കെ.എം<br><br>കുടിലിങ്ങൽ<br><br>കുളിമുട്ടം | 10.08.16 | 25.11.16 | 01.12.16 |
| വാർദ്ധക്യകാല പെൻഷൻ | ജയ. സി. കെ<br><br>ചേനോത്ത്പ്പറമ്പിൽ | 20.08.16 | 25.11.16 | 01.12.16 |

| | | | | |
|---|---|---|---|---|
| | മതിലകം | | | |
| ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | അക്ബർ ഷാൻ ചങ്ങലേഴത്ത് മതിലകം | 03.10.16 | 04.01.17 | 01.02.17 |
| വിധവാ പെൻഷൻ | റസീന. കെ. വൈ കറപ്പംവീട്ടിൽ ഊമന്തറ | 24.05.16 | 20.07.16 | 01.08.16 |

വിവിധ ക്ഷേമപെൻഷനുകൾ കാലതാമസം കൂടാതെ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

DBT സമ്പ്രദായം നിലവിൽ വന്നതിന് ശേഷം ഗുണഭോക്താക്കൾക്ക് പെൻഷൻ തുക പഞ്ചായത്ത് ഡയറക്ടർ നേരിട്ടാണ് വിതരണം ചെയ്തുവരുന്നത്. ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പെൻഷൻ ഗുണഭോക്താക്കളുടെ വിവരണങ്ങൾ സേവന പെൻഷൻ സോഫ്റ്റ് വെയർ വഴി ഡാറ്റാ എൻട്രി ചെയ്ത് DBT സെല്ലിലേയ്ക്ക് ഡാറ്റാ ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തു വരുന്നത്. DBT സെല്ലിൽ നിന്ന് നിശ്ചിത ഗുണഭോക്താക്കൾക്ക് പെൻഷൻ അയക്കുന്ന സമയത്താണ് പെൻഷൻ ഇരട്ടിപ്പ് സംബന്ധിച്ചും മറ്റുമുള്ള പരിശോധന നടത്തുന്നത്. കൂടാതെ വികലാംഗ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷന് വാങ്ങാൻ അർഹതയുണ്ട് എന്ന ഗവ. ഉത്തരവ് നിലവിൽ ഉണ്ടെങ്കിലും പഞ്ചായത്തിൽ ഡാറ്റാ എൻട്രി ചെയുന്നതിനാവശ്യമായ മാറ്റം സോഫ്റ്റ് വെയറിൽ ഇന്നു വരെ വരുത്തിയിട്ടില്ല. നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗവ. ഉത്തരവ് പ്രകാരമുള്ള നിശ്ചിത സത്യവാങ്മൂലം പെൻഷൻ വെബിൽ എൻറർ ചെയ്ത് നൽകേണ്ടതുണ്ട്. പെൻഷൻ ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്തുതന്നെ ഈ സത്യവാങ്മൂലം കൂടി എന്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ കുറച്ചുകൂടി വേഗത്തിൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. പെൻഷൻ അംഗീകാരം, പെൻഷൻ വിതരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ യഥാസമയം SMS മുഖേന ഗുണഭോക്താവിന് ലഭ്യമാവുന്നത് അഭികാമ്യമായിരിക്കും. അപേക്ഷകരുടെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുമ്പോൾ പെൻഷൻ ലഭ്യമാക്കേണ്ട രീതി (ബാങ്ക് A/C, EMO, സഹകരണ ബാങ്ക് മുഖേന പണമായി) തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനമില്ല. സത്യവാങ് മൂലം രേഖപ്പെടുത്തുന്ന സമയത്ത് മാത്രമാണ് ഇതിന് അവസരം ലഭിക്കുന്നത്. അപേക്ഷ ഡാറ്റാ എൻട്രി ചെയ്യുമ്പോൾതന്നെ ഈ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സൗകര്യമൊരുക്കുകയാണെങ്കിൽ ഗുണഭോക്താക്കൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമായിരിക്കും.

## 3-18 പാലിയേറ്റീവ് കെയർ - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി ( നം.122 / 17 ) പ്രകാരം 2,10,500 രൂപ ട്രഷറി മുഖേന കെ. എം. എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. മാത്രമല്ല സ്ഥാപനത്തിന് തുക കൈമാറിയതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികളാണ് സാന്ത്വന പരിചരണ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നതു കണക്കിലെടുത്ത് ഈ വിഭാഗത്തിന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 പട്ടികജാതി വീട്ടുകളിൽ വാട്ടർ കണക്ഷൻ പദ്ധതി പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നമ്പർ : 108 / 17

പട്ടികജാതി വീട്ടുകളിൽ വാട്ടർ കണക്ഷൻ പദ്ധതി പൂർത്തീകരിക്കുന്നതിന് വിഹിതം നൽകൽ

അടങ്കൽ തുക : 4,22,452

ചെലവ് : 4,22,000

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം 4,22,000 രൂപ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന കൈമാറി. (ഡി.ഡി. നം. 356321 തിയ്യതി 28.10.16 ) 2010 -11 വാർഷിക പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച പട്ടികജാതി ബി.പി.എൽ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി പുതുക്കിയ നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം അധിക തുക വകയിരുത്തി വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 22.09.2016 ഡി5-963/11 നമ്പർ കത്തുപ്രകാരം 2010-11 വാർഷിക പദ്ധതിയുടെ ഭാഗമായി 6,48,000 രൂപ ഡി.ഡി. നം. 317296/07/04/11 ന് കൈമാറ്റം ചെയ്തതായി പറയുന്നു. പദ്ധതി എസ്റ്റിമേറ്റ് 10,70,000 രൂപയായി പുതുക്കിയതിനെ തുടർന്നാണ് മേൽ തുക ആവശ്യപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് നാളിതുവരെ കൈമാറിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. മേൽ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകി എന്നതും അറിയിക്കേണ്ടതാണ്.

## 3-20 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്ന് വിതരണം ചെയ്തിട്ടില്ല.തുക കൈമാറിയതിന്റെ രേഖകളില്ല.

മെഡിക്കൽ ഓഫീസർ (ആരോഗ്യം) 2016-17 വർഷത്തിൽ നടപ്പാക്കിയ ഗവ. ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ (നം. 34/17) 75,000 രൂപ വകയിരുത്തി പ്രസ്തുത തുക കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് സൊസൈറ്റിക്ക് ട്രഷറി മുഖേന അയച്ചു. എന്നാൽ 75,000 രൂപ മേൽ സ്ഥാപനത്തിന് കൈമാറിയതിന്റെയോ സ്ഥാപനം തുക കൈപ്പറ്റിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. മാത്രമല്ല ഓഡിറ്റ് തിയ്യതിയിലും പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ സ്ഥാപനം വിതരണം നടത്തിയിട്ടില്ല. തുക കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-21 ആശ്രയ പദ്ധതി അവലോകനം

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയഭവന പദ്ധതി എന്ന പേരിൽ 5,00,000 രൂപ (പദ്ധതി നമ്പർ- 77) വകയിരുത്തിയെങ്കിലും തൻവർഷം നടപ്പാക്കിയില്ല. 2008 -09 മുതൽ 2011-12 വരെയുള്ള ആശ്രയ ഒന്നാം ഘട്ട പ്രൊജക്ട് നടപ്പാക്കുന്നതിന് 28.09.2010 ലാണ് ഫണ്ട് ലഭ്യമായത്. ആദ്യഘട്ടം ലക്ഷ്യം നേടാതെ തന്നെ 2013 ഏപ്രിൽ മുതൽ 2016 മാർച്ച് വരെയുള്ള രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകി. 2016 -17 കാലയളവിൽ രണ്ടാം ഘട്ടത്തിലെ കുടുംബങ്ങൾക്ക് ഭക്ഷണം, മരുന്ന്, വസ്ത്രം തുടങ്ങിയ വിതരണം ചെയ്തിട്ടുണ്ട്. 2016 ആഗസ്റ്റ് വരെയാണ് ഒന്നാം ഘട്ടക്കാർക്ക് ഭക്ഷണം വിതരണം ചെയ്തത്. ഒന്നാം ഘട്ട പ്രൊജക്ടിന്റെ ലക്ഷ്യം നേടുന്നതിനായി 2017-2020 കാലയളവിൽ അഗതി ആശ്രയ സംരക്ഷണ പദ്ധതി എന്ന പേരിൽ തുടർസേവന പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അംഗീകാരം നേടിയിട്ടില്ല. തുടർ സേവന പദ്ധതിയിൽ ഉൾപ്പെടുത്തിയ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 തൊഴിലുറപ്പുപദ്ധതി വിശകലനം

മുന്നിരിപ്പടക്കം ആകെ വരവു വന്ന 2,00,11,513 രൂപയിൽ 2,00,07,601/-രൂപയും ചെലവഴിച്ചിട്ടുണ്ട്. 432 പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. 998 കുടുംബങ്ങൾ തൻവർഷം വിവിധ തൊഴിലുകളിൽ ഏർപ്പെട്ടു. 57 കുടുംബങ്ങൾക്ക് തൻവർഷം നൂറ് ദിവസം ജോലി ലഭിച്ചു.

രണ്ട് കോൺക്രീറ്റ് നടപ്പാതകൾ തൻവർഷം നിർമിക്കാൻ കഴിഞ്ഞു. മാത്രമല്ല കോൺക്രീറ്റ് ബ്ലോക്കുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതുമൂലം കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിനും എസ്.സി.വീടുകളുടെ നിർമ്മാണത്തിനും ഉപയോഗിക്കാൻ ഉതകുന്നതായി. തോടുകളുടെ പുനരുദ്ധാരണം നീരൊഴുക്ക് വർദ്ധിപ്പിക്കാനും, മാലിന്യനിർമ്മാർജ്ജനത്തിനും ഉതകുന്നതായി. പച്ചക്കറി കൃഷിക്ക് ഭൂമി ഉപയുക്തമാക്കിയത് മൂലം, കർഷകരുടെ വരുമാനം വർധിപ്പിക്കുവാനും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിനാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് തടയുവാനും പര്യാപ്തമാണ്. കീടനാശിനി, ഒഴിവാക്കിക്കൊണ്ട് കൃഷി ചെയ്യുന്ന പക്ഷം അത് സമൂഹത്തിന്റെ ആരോഗ്യകാര്യങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ഇടവിളകൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലപുഷ്ടി കുറയുന്നത് തടയാനും, പയർകൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുവാനും ഉതകുന്നതാണ്.

കൂടുതൽ ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും പരമാവധി കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽലഭ്യത ഉറപ്പുവരുത്തുവാനും പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ചവർഷം | ലഭിച്ച തുക | പ്രോജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | 147-ക്ഷീര കർഷകർക്ക് സബ്സിഡി | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 66,600 | 123 -തണൽ കേന്ദ്രത്തിന് ഭൗതിക സാഹചര്യം | 66600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,00,000 | 122 - പാലിയേറ്റീവ് കെയർ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,00,000 | 110-മത്സ്യതൊഴിലാളികൾക്ക് വള്ളം, വല | 0 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പട്ടികജാതി വീടുകളിൽ വാട്ടർ കണക്ഷൻ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി | 4,22,000 | 0 | 4,22,000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 10,54,005 | 0 | 10,54,005 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലും ടാപ്പ് മാറ്റി സ്ഥാപിക്കലും | 5,10,000 | 0 | 5,10,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| KSAD Report 2014-2015 | 2-1 | 540 | St.Mary's L P School | 11614100454/28.04.16 |
| KSAD Report 2014-2015 | 2-3 | 300 | Nisha Saw mill | 11614101726/08.08.16 |
| KSAD Report 2014-2015 | 2-1(2) | 3750 | Secretary, Sree Narayanapuram Grama Panchayat | 11614500005/26.08.16 |
| KSAD Report 2014-2015 | 2-1(3) | 150 | Manager Manappurath Health care | 11614102171/07.09.16 |
| KSAD Report 2014-2015 | 2(4) | 68 | Riyas,Pambinezhuth | 11614102256/19.09.16 |
| KSAD Report 2014-2015 | 2(4) | 610 | Premraj, Vallomparambath | 1161402257/19.09.16 |
| KSAD Report 2015-2016 | 2-1(1) | 150 | Shereefa,Kattuparambil | 11614102636/14.10.16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49062233 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43551316 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19992 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4768532 |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-16 | - | 19992 | പ്രശാന്ത്. ഇ.എം., ഡയറി ഫാം ഇൻസ്ട്രക്ടർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 27,29,477 | സെക്രട്ടറി, മതിലകം |
| 3-6 | 71,650 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മതിലകം |
| 3-8 | 9,69,000 | |
| 3-10 | 7,62,500 | വി.ഇ.ഒ., കുളിമുട്ടം |
| 3-12(2) | 2,35,905 | ശ്രീമതി. അന. പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **47,68,532** | |

**സി) കേന്ദ്ര <u>-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം</u>**

ഇല്ല

**ഡി) ന<u>ഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**ഇ) റി<u>പ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം</u>**

**<u>മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രശാന്ത്. ഇ.എം., ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, മതിലകം ബ്ലോക്ക് പഞ്ചായത്ത്, മതിലകം | ഇലഞ്ഞിക്കൽ വീട്, പി.ഒ. എടവിലങ്ങ് |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 75-76 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/01.02.12 |
| 77-78 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |

| | |
|---|---|
| 78-79 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 79-80 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 80-81 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 81-82 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 83-84 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 84-85 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 85-86 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 96-97 | എൽ.എഫ്.ടി.12-1228/01/01.10.97. |
| 97-98 | എൽ.എഫ്.ടി.12-1791/00/15.5.2000 |
| 98-99, 99-2000 | എൽ.എഫ്.ടി.12-950/01/17.10.01 |
| 2000-2001 | എൽ.എഫ്.ടി.12-257/04/03.05.04/ 11.08.08 |
| 2001-2002 | എൽ.എഫ്.ടി.12-258/04/03.05.04/ 11.08.08 |
| 2002-2003 | എൽ.എഫ്.ടി.12-100/06/26.05.06/ 08.12.06 |
| 2003-2004 | എൽ.എഫ്.ടി.12-60/09/09.10.09/ 3.11.09 |
| 2004-2005 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2005-2006 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2006-2007 | എൽ.എഫ്.ടി.12-429/10/27.09.11 |
| 2007-2008 | എൽ.എഫ്.ടി.പി.3-2113/11/25.05.12/ 07.08.12 |
| 2008-2009 | എൽ.എഫ്.ടി.പി.3-2114/11/28.05.12/ 07.08.12 |
| 2009-2010 | എൽ.എഫ്.ടി.പി.3-28.05.12/07.08.12 |
| 2010-2011 | എൽ.എഫ്.ടി.പി.3-1977/12/13.02.13/ 09.05.13 |
| 2011-2012 | എൽ.എഫ്.ടി.പി.3-337/13/12.11.13 |
| 2012-2013 | എൽ.എഫ്.ടി.പി.3-87/2014/22.07.14/ 18.09.14 |
| 2013-2014 | കെ.എസ്.എ ടി.എസ്.ആർ.പി.3-748/15/ 13.10.15/16.10.15 |
| 2014-15 | കെ.എസ്.എടി.എസ്.ആർ.പി.3-1276/16/ 29.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1735/2016/19.10.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ.(പി3)1315/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തിയ്യതി:23.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ANNEXURE-1
## AUDIT CERTIFICATE

No.KSA-TSR(P3)1315/2017

Kerala State Audit Department,
District Audit Office,Thrissur,
PIN – 680 020
Date: 23.09.2017
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Mathilakam Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mathilakam Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur

.